"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — പേരാവൂർ ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14 - തടസ്സപ്പെടുത്തിയ തുക- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.250/2023/LSGD തീയതി,തിരുവനന്തപുരം, 28-01-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 02.02.2022 ലെ പി എ എൻ/1504/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 13.12.2022 ലെ ഡി.കെ.എസ്.എ 1211/2018/പി.റ്റി3 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പുരയിട കൃഷി വികസനം എന്ന പ്രോജക്ടിൽ മഞ്ഞളിപ്പ രോഗം ബാധിച്ച കവുങ്ങ് വെട്ടിമാറ്റുന്നതിനുള്ള ധനസഹായം അനുവദിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ഈയിനത്തിൽ ചെലവായ 59,250/- രൂപ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ മലയോര മേഖലയായ പേരാവൂരിലെ ജനതയുടെ പ്രധാന വരുമാന മാർഗ്ഗമായ കാർഷിക മേഖലയിൽ ഉൾപ്പെട്ട കവുങ്ങ് കൃഷിക്ക് മഞ്ഞളിപ്പ് രോഗം ബാധിച്ചതിനെ തുടർന്ന് വ്യാപകമായി കവുങ്ങുകൾ നശിക്കുകയുണ്ടായെന്നും ആയത് കർഷകർക്ക് സാമ്പത്തികമായി വളരെയധികം പ്രയാസം സൃഷ്ടിച്ച സാഹചര്യത്തിൽ സദുദ്ദേശത്തോടു കൂടി മാത്രം നടപ്പിലാക്കിയ പദ്ധതിയാണിതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ കാർഷിക മേഖലയെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ കഴിയുകയും തൻമൂലം സർക്കാരിനോ പഞ്ചായത്തിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും, ഈ ചെലവിന് സർക്കാർ സാധൂകരണം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ചെലവിന് സാധൂകരണം നൽകണമെന്ന് പരാമർ ശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. തടസ്സപ്പെടുത്തിയിരുന്ന ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14 ലെ പരാമർശത്തിന്, ഭാവിയിൽ മാർഗ്ഗരേഖയിലുൾപ്പെടാത്ത ചെലവുകൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങി മാത്രമേ നിർവ്വഹണം നടത്താവൂ എന്ന നിർദ്ദേശത്തോടെ, സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോടു കൂടി കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14 പ്രകാരം തടസ്സപ്പെടുത്തിയ **59,250/- രൂപയുടെ (അമ്പത്തിഒമ്പതിനായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം)** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റീജ ജസ്റ്റസ്

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പേരാവൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ